**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** **27-06-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന് മാതൃകയാകും വിധം സംസ്ഥാനത്തെ പൊതുവിതരണ രംഗം കാര്യക്ഷമവും സുതാര്യവുമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണം, 97.99% വരെയുള്ള ആധാർ സീഡിംഗ്, One Nation One Ration Card പദ്ധതി, പോക്കറ്റിൽ സൂക്ഷിക്കാവുന്ന പി.വി.സി റേഷൻ കാർഡ്, കുറ്റമറ്റതും കർശനവുമായ പരിശോധനാ സംവിധാനം, കൃത്യമായ ഗുണനിലവാര പരിശോധന, പരിശോധനയിലൂടെ അനർഹരെ കണ്ടെത്തി അർഹരായവർക്ക്  മുൻഗണനാ കാർഡും - ചികിത്സാ ആനുകൂല്യങ്ങളും ലഭ്യമാക്കിയത്, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റപ്പെട്ട Transgenders, തെരുവിൽ കഴിയുന്നവർ, വാടക വീട്ടിൽ കഴിയുന്നവർ എന്നിവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക തടസ്സം മാറ്റിയത് തുടങ്ങി രാജ്യത്തിന് മാതൃകയാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് കേരളത്തിലെ പൊതുവിതരണ വകുപ്പ് നടത്തി വരുന്നത്.<br><br>സംസ്ഥാനത്തെ ആദിവാസി മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി മുഖേന റേഷൻ എത്തിച്ച് വരുന്നു.<br><br>2013 ലെ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ നിരീക്ഷണവും വിലയിരുത്തലും നടത്തേണ്ട സംസ്ഥാന—ജില്ല-താലൂക്ക്-റേഷൻകടതല വിജിലൻസ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി.<br><br>ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ ഭക്ഷ്യഭദ്രത സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിൽ സംസ്ഥാന ഭക്ഷ്യക്കമ്മീഷന്റെ മികവുറ്റ പ്രവർത്തനമാണ് നടന്ന് വരുന്നത്. |

| | | | |
|---|---|---|---|
| | | | പൊതുവിതരണ മേഖലയിലെ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി സോഷ്യൽ ഓഡിറ്റ്, റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികളും അപേക്ഷകളും മന്ത്രി തലത്തിൽ അടിയന്തിരമായി പരിഹരിക്കുന്നതിന് സംഘടിപ്പിച്ചിട്ടുള്ള ഫോൺ ഇൻ പരിപാടി, കേരളത്തിലെ ജനങ്ങൾക്ക് പ്രിയങ്കരമായ ജയ, സുരേഖ ഇനത്തിൽപ്പെട്ട അരി റേഷൻകടകളിലൂടെ വിതരണം ചെയ്തത്, പച്ചരിയുടെ വിഹിതം കൂട്ടിയത് എന്നിവ എല്ലാം തന്നെ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്തി കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ്.<br><br>അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി വൈവിധ്യവത്ക്കരണത്തിലൂടെ റേഷൻകടകളെ കെ-സ്റ്റോറുകളാക്കുന്ന പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ പൊതുവിതരണരംഗം വിപ്ലവകരമായ മാറ്റത്തിന് സാക്ഷിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഗോത്രവർഗ്ഗ മേഖലകളിൽ പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ഒറ്റപ്പെട്ട മലയോരമേഖലകളിൽ താമസിക്കുന്ന ഗോത്ര വർഗ കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നതിന് **സഞ്ചരിക്കുന്ന റേഷൻകടപദ്ധതി** നടപ്പിലാക്കി വരുന്നു. വനം, പട്ടികജാതി-പട്ടിക വർഗ വകുപ്പുകളുടെ സഹകരണത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ 115 ആദിവാസി കോളനികളിൽ റേഷൻ വിതരണം നടത്തി വരുന്നു. 2021-22 കാലയളവിൽ ഇതിനായി 23,85,371/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 1 കോടി രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഗോത്രവർഗ്ഗ മേഖലകളിൽ ഉൾപ്പെടെ പൊതുവിതരണ ശൃംഖലയിലെ ആശാസ്യമല്ലാത്ത പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. ഗോത്രവർഗ മേഖലകളിൽ ഉൾപ്പെടെ പൊതു വിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂ വയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം പ്രവർത്തിക്കുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ആഫീസർ വരെയുള്ളവ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമേ വിജിലൻസ് ആഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിലും ഗോഡൗണുകളിലും മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുന്ന പക്ഷം KTPDS (Control) Order, 2021 പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാരുടെ പരിശോധന കൂടുതൽ |

| | | | |
|---|---|---|---|
| | | | കാര്യക്ഷമവും മികവുറ്റതും ആക്കുന്നതിനായി എഫ്.പി.എസ് മൊബൈൽ എന്ന സംവിധാന നിലവിലുണ്ട്.<br><br>ഉത്സവ സീസണുകളിൽ പൊതു വിപണിയിലുണ്ടാകുന്ന വിലവർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തി വരുന്നു. |
| (ഡി) | ആദിവാസി മേഖലകളിലെ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്ന പദ്ധതിയായ <u>സഞ്ചരിക്കുന്ന റേഷൻകട</u> പദ്ധതിക്ക് അർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് 115 ആദിവാസി ഊരുകളിലേക്ക് വ്യാപിപ്പിക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമതയോടെ റേഷൻ വിതരണം നടത്തി വരുന്നു. ഓരോ ജില്ലയിലേയും ആവശ്യകത പരിഗണിച്ച് ജില്ലാ സപ്ലൈ ഓഫീസർമാർ ലഭ്യമാക്കുന്ന ശുപാർശകൾ പരിശോധിച്ച് ടി പദ്ധതിയ്ക്കുള്ള അനുമതി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ